അഖിലേൻഡ്യാ ടൂർണ്ണമെൻറിൽ പങ്കെടുക്കുന്നവർക്ക് ഗ്രെയ്സ് മാർക്ക് നൽകണമെന്ന ശുപാർശ

*352 [371] ശ്രീ. പി. ജെ. ജോസഫ്:

ഡോ. ജോർജ് മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൻെറ സ്പോർട്ട്സ് ഗെയിംസ് ടീമുകൾ അഖിലേൻഡ്യാ ടൂർണ്ണമെൻറിൽ പങ്കെടുത്താൽ അങ്ങനെ പങ്കെടുക്കുന്നവർക്ക് പബ്ലിക് പരീക്ഷകൾക്ക് അഞ്ചു ശതമാനം ഗ്രെയ്സ് മാർക്ക് നൽകണമെന്ന ഒരു ശുപാർശ സ്പോർട്സ് കൗൺസിലിൽനിന്നും ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ശുപാർശ കേരളാ ഗവൺമെൻറ് കേരളാ കാലിക്കറ്റ് യൂണിവേഴ്സിറ്റികൾക്ക് നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ മേൽപ്പറഞ്ഞ യൂണിവേഴ്സിറ്റികൾ ഇത് അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അംഗീകരിക്കുവാൻ വേണ്ട സമ്മർദ്ദം ഗവൺമെൻറ് ചെലുത്തുമോ?

മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) കോളേജ്, യൂണിവേഴ്സിറ്റി തല മൽസരങ്ങളിൽ പങ്കെടുക്കുന്ന താരങ്ങൾക്ക് രണ്ടു യൂണിവേഴ്സിറ്റികളും ഭിന്ന രീതികളിൽ ഗ്രേസ് മാർക്കിൻെറ ആനുകൂല്യങ്ങൾ നൽകുന്നു. ദേശീയ മൽസരങ്ങളിൽ സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്നവർക്ക് ഈ ആനുകൂല്യം നൽകുന്നില്ല. ഈ കാര്യത്തിൽ മേൽ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ലോക തൊഴിലാളി സംഘടനയുടെ ആഭിമുഖ്യത്തിൽ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ

*353 [372] ശ്രീ. എൻ. പി. മൊയ്തീൻ:

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ:

ശ്രീ. കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവന നിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക തൊഴിലാളി സംഘടനയുടെ ആഭിമുഖ്യത്തിൽ കേരള സംസ്ഥാനത്ത് തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ഗവൺമെൻറിന് പരിപാടിയുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത് എന്നു നടപ്പിലാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

തൊഴിലും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി (ശ്രീ. എം. കെ. രാഘവൻ): (എ) ഉണ്ട്. ലോക തൊഴിലാളി സംഘടനയുടെ സഹകരണത്തോടുകൂടി "അഡ്വാൻസ്ഡ് വൊക്കേഷണൽ ട്രെയിനിംഗ് സിസ്റ്റം" (A. V. T. S) എന്ന ഒരു പരിശീലന പദ്ധതി 1977-ൽ കളമശ്ശേരി ഐ. റ്റി. ഐ. യിൽ ആരംഭിച്ചിട്ടുണ്ട്. ഇതിനും പുറമേ ഗ്രാമീണ പരിശീലന കേന്ദ്രങ്ങളും സ്ഥാപിക്കുന്നതു സംബന്ധിച്ചുള്ള ചില കരടു നിർദ്ദേശങ്ങളും ലോക തൊഴിലാളി സംഘടനയിൽനിന്ന് ലഭിച്ചിട്ടുണ്ട്. എന്നാൽ ഇതിനെ സംബന്ധിച്ചുള്ള അന്തിമ രൂപരേഖ ഐ. എൽ. ഒ. സംഘടനയിൽനിന്ന് ലഭിച്ചിട്ടില്ല. അതുകൂടി ലഭിച്ചതിനു ശേഷമേ ഗ്രാമീണ പരിശീലന കേന്ദ്രങ്ങളെപ്പറ്റി എന്തെങ്കിലും തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

(ബി, സി) 'എ' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

മിനിമം വേജസ് കമ്മിറ്റിയുടെ ശുപാർശ

*354 [373] ശ്രീ. എസ്. തങ്കപ്പൻ പിള്ള:
ശ്രീ. ആർ. സുന്ദരേശൻ നായർ:
ശ്രീ. വട്ടിയൂർക്കാവ് രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവന നിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മിനിമം വേജസ് കമ്മിറ്റിയുടെ ശുപാർശ സർക്കാരിന്റെ ചുവപ്പു നാടയിൽ കുരുങ്ങി യഥാസമയം നടപ്പിലാക്കാൻ കഴിയാതെ വന്നിരിക്കുന്നു എന്ന പത്ര വാർത്ത ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) മിനിമം വേജസ് കമ്മിറ്റിയുടെ റിപ്പോർട്ട് നടപ്പിലാക്കുന്നതിന് അത് സംസ്ഥാന മിനിമം വേജസ് അഡ്വൈസറി ബോർഡ് പരിശോധിച്ചു ശുപാർശ ചെയ്തിരിക്കണം എന്ന് ചട്ടം അനുശാസിക്കുന്നുണ്ടോ;

(സി) പ്രസ്തുത ബോർഡ് ഇപ്പോഴും നിലവിലുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്?

തൊഴിലും ഭവന നിർമ്മാണവും വകുപ്പു മന്ത്രി (ശ്രീ. എം. കെ. രാഘവൻ): (എ) ഒരു പത്ര വാർത്ത ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) അങ്ങനെ നിർബന്ധം ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly